ശ്രീ. പി. എസ്സ്. നടരാജപിള്ള: കഴിഞ്ഞ മൂന്നു കൊല്ലത്തെ കണക്ക് ആഡിററ ചെയ്തിട്ടില്ലയെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ലെന്നാണു തോന്നുന്നതു്.

**Shri E. P. Varghese:** Could that function be delegated to some other body?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഹൈക്കോടതി ലോക്കൽ ഫണ്ടു ഡിപ്പാർട്ടുമെന്റിനെക്കൊണ്ടു ആഡിററ ചെയ്യിപ്പിക്കുന്നുവെന്നേയുള്ളു. അതിന്റെ ചുമതല ഹൈക്കോടതിക്കുതന്നെയാണ്.

**Shri E. P. Varghese:** Are there no accountants under their control to do this work? Is that not what is contemplated under the Regulation?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയാണെന്നു തോന്നുന്നില്ല. ഹൈക്കോടതിയിൽനിന്നും ഇങ്ങനെയാണു എഴുതിവന്നിരിക്കുന്നതു്.

The question that a supplementary sum not exceeding Rs. 4,800 be granted under Demand IX-25 D (d) Local Fund Audit Establishments was put and carried.

The grant was made.

## Demand XII-General Administration.

*Minister for Works and Transport* **(Shri Kalathil Velayudhan Nair):** Sir, I move for a supplementary grant of Rs. 89,500 under Demand XII. 25- General Administration-H. Miscellaneous-Miscellaneous.

*Minister for local Self Government* **(Shri K. Kochukuttan):** I second the motion.

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൊല്ലം—എറണാകുളം റെയിൽവേ പണി സംബന്ധിച്ചു ആവശ്യമായ സ്ഥലം പൊന്നുംവിലയ്ക്കു എടുക്കുന്നതിനു ഒരു സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടു്. ഇൻഡ്യാഗവണ്മെന്റിനുവേണ്ടി ഈ ഗവണ്മെന്റ പൊന്നുംവിലയ്ക്കു എടുക്കുകയാണ് ചെയ്യുന്നതു്. ആ സ്റ്റാഫിന്റെ ചെലവു് ഇൻഡ്യാഗവണ്മെന്റാണ് വഹിക്കേണ്ടതു്. തൽക്കാലം അവർക്കു ശമ്പളംകൊടുക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടി ബഡ്ജററിൽ ഒരു തുകയും കൊള്ളിച്ചിട്ടില്ല. അതു കൊണ്ടാണ് ഈ ൮൯,൫൦൦ രൂപയുടെ സപ്ലിമെന്ററി ഗ്രാൻറ ആവശ്യപ്പെടുന്നതു്. സഭ അനുവദിച്ചുതരണമെന്നു അപേക്ഷിക്കുന്നു.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: എടുക്കുന്ന സ്ഥലങ്ങൾക്കു വില കൊടുക്കുന്നതു ഈ ഉദ്യോഗസ്ഥന്മാരാണോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതെ.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: സർ, ഞാൻ ഡിമാൻറിനെ എതിർക്കുന്നു. ഈ സ്ഥലങ്ങൾ അക്വയർ ചെയ്തതു് അറിഞ്ഞപ്പോൾ വളരെകുറച്ചുമാത്രം സ്ഥലമുള്ള പല ആളുകളും പരാതികൾ ഗവണ്മെന്റി

LIBRARY ARCHIVES Kerala Legislative Assembly

ലേഖ്യ അയച്ചിട്ടുണ്ട്. അതിനെപ്പററി ഒരു അന്വേഷണവും നടത്തിയിട്ടുള്ളതായി അറിയുന്നില്ല. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട സ്ഥലത്തുകൂടി റയിൽവേ കടന്നുപോകുന്നുണ്ട്. അവിടെ സ്ഥലം അക്വയർ ചെയ്തുകഴിഞ്ഞശേഷം............

ശ്രീ. കളത്തിൽ വേലായുധൻ നായർ: അവിടെ ഇതുവരെ സ്ഥലം അക്വയർ ചെയ്തിട്ടില്ലല്ലോ.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: അക്വയർ ചെയ്യുമെന്നാണു പലരുടെയും ധാരണ. രണ്ടുവശത്തും കല്ലുകൾ ഇട്ടിട്ടുണ്ട്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സ്ഥലം അളന്നുനോക്കിയെന്നേയുള്ളു. അക്വയർ ചെയ്തിട്ടില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ആളുകൾ അക്വയർ ചെയ്യുമെന്നുള്ളധാരണയിൽ പരാതികൾ അയച്ചിട്ട് യാതൊരു മറുപടിയും ഇതേവരെ കൊടുത്തിട്ടില്ല.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഒരു തെററിദ്ധാരണയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരെതിർപ്പാണ് ഇതു്. അവിടെ ഇതുവരെ സ്ഥലം അക്വയർ ചെയ്തിട്ടില്ല. അക്വയർ ചെയ്യുമ്പോൾമാത്രമെ ഈ പ്രശ്നം ഉദിക്കുന്നുള്ളു. അതിനുവേണ്ടി ഒരു ധനാഭ്യർത്ഥന അവതരിപ്പിക്കുമ്പോൾ ഈ എതിർപ്പു ന്യായമായിരിക്കും. ഇപ്പോഴുള്ള ഈ എതിർപ്പു അനവസരത്തിലുള്ളതാണെന്നാണു എനിക്കുതോന്നുന്നതു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: എന്തുതന്നെയായാലും ജനങ്ങൾ പരാതി അയച്ചാൽ അതിനു മറുപടി കൊടുക്കാതെയിരിക്കുന്നതു ന്യായമാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ന്യായമായ അവസരങ്ങളിൽ മറുപടികൊടുക്കും. കോട്ടയത്തു സ്ഥലമെടുക്കുമ്പോൾ കരുനാഗപ്പള്ളിയിൽനിന്നും ആക്ഷേപം അയച്ചാൽ ചിലപ്പോൾ മറുപടികൊടുത്തില്ലെന്നു വരും.

ശ്രീ. സി. കെ. വിശ്വനാഥൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുന്നു. ഇതു ഒരു കോട്ടയത്തിനും എറണാകുളത്തിനും മദ്ധ്യേ ഇന്നയിന്ന സ്ഥലങ്ങളിൽക്കൂടിയാണു റയിൽവേ പോകുന്നതെന്നു ഖണ്ഡിതമായ തീരുമാനമെടുക്കാത്തതുകൊണ്ടു ആളുകൾ വളരെ വിഷമിക്കുകയാണ്. പ്രധാനമായി വീടുകൾ പണിതുകൊണ്ടിരിക്കുന്നവരും സ്ഥലം വിൽക്കാൻ ഉദ്ദേശിക്കുന്നവരും വീടുപൊളിച്ചുമാറേറണ്ടവരും അതുപോലെതന്നെ സ്ഥലം വാങ്ങിക്കാൻ ഉദ്ദേശിക്കുന്നവരുമായ വമ്പിച്ച ഒരു വിഭാഗം ആളുകൾ ഇപ്പോൾ വളരെ ബുദ്ധിമുട്ടിലാണു കഴിഞ്ഞുകൂടുന്നതു്. ഏതു ലൈനിൽക്കൂടിയായിരിക്കും എന്നു തീരുമാനിച്ചുകഴിഞ്ഞാൽ അവരവരുടെ ആവശ്യംപോലെ സംഗതികൾ നടത്തുന്നതിനു സാധിക്കുമായിരുന്നു.

പലയിടത്തും പൊന്നുംവിലയ്ക്കു എടുത്തസ്ഥലങ്ങൾക്കു വിലകൊടുക്കുന്ന കാര്യത്തിൽ ഒരു ന്യായദീക്ഷ കാണിക്കുന്നില്ലെന്നും പരാതിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതായതു് ചിലക്കു കൂടുതൽ തുകയും മററുചിലക്കു കുറവും കിട്ടാൻ ഇടയാകുന്നുണ്ടു്. എററുമാനൂർ, കടുത്തുരുത്തി മുതലായസ്ഥലങ്ങളിൽ എവിടെയാണു് റയിൽവേസ്റ്റേഷൻ എന്നു ഖണ്ഡിതമായി തീരുമാനിക്കാത്തതുകൊണ്ടു് ജനങ്ങൾക്കു വളരെ ബുദ്ധിമുട്ടുണ്ടു്. ഈ വക കാര്യങ്ങളെല്ലാം ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപെടുത്തിയിട്ടുള്ളതാണു്. പക്ഷെ, ഇതുവരെ ഗവണ്മെൻറിൻെറ നിലപാടു വ്യക്തമാക്കിയിട്ടില്ല. ഈ ഡിമാൻറിനെ എതിർത്തുകൊണ്ടു ഗവണ്മെൻറിൻെറ നിലപാടു എന്താണെന്നു വ്യക്തമാക്കാൻ ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

**Shri A. A. D. Luiz :** Is it necessary to get the previous sanction of this House for expending this amount especially when this item is for the Government of India who will reimburse this Government later ?

**Mr. Speaker :** The Minister in charge of the subject is in possession of the House. If he has anything to say he can do so on this point.

**Shri A. A. D. Luiz :** But this particular item belongs purely to the Government of India.

**Mr. Speaker :** But the land belongs to Travancore.

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇൻഡ്യാഗവണ്മെൻറിൻെറ ഏജൻെറന്ന നിലയിലാണെങ്കിലും തൽക്കാലം ഈ പണം ചെലവുചെയ്യാനുള്ളതു് ഈ ഗവണ്മെൻറാണു്. അതുകൊണ്ടു അതിലേയ്ക്കു ഈ സഭയുടെ അനുവാദം ആവശ്യമാണു്.

ശ്രീ. എ. താണുപിള്ള : ഈ ലാൻഡ് അക്വിസിഷനെ സംബന്ധിച്ചു് ഇൻഡ്യാഗവണ്മെൻറിൻെറ ലാ ആണോ, നമ്മുടെ ലാ ആണോ അപ്ലൈ ചെയ്യുന്നതു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇൻഡ്യാഗവണ്മെൻറിൻെറ ലായാണു്.

ശ്രീ. എ. താണുപിള്ള : അങ്ങനെയാണെങ്കിൽ പതിനഞ്ചു ശതമാനം സൊലേഷ്യം കൊടുക്കുന്നതിനു് ഇൻഡ്യാഗവണ്മെൻറിൻെറ ലായിൽ പ്രൊവിഷനുണ്ടു്. അതുകൊണ്ടു അതറിയാൻ വേണ്ടി ചോദിച്ചതാണു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിനെപ്പററി നോക്കിയതിനുശേഷമേ പറയാൻ സാധിക്കുകയുള്ളു. സർ, ഞാൻ ഒന്നു തിരുത്തിക്കൊള്ളട്ടെ.

ഇൻഡ്യാഗവണ്മെൻറിൻെറ ലാ അനുസരിച്ചാണു സ്ഥലം അക്വയർ ചെയ്യുന്നതെന്നു പറഞ്ഞതു ശരിയല്ല, നമ്മുടെ ലാ അനുസരിച്ചാണു്.

ശ്രീ. എം. ഗോപാലൻ നായർ : സ്ഥലം അക്വയർചെയ്യുന്നതിനു പ്രാരംഭമായി സർവ്വേനടത്തുകയും കല്ലിടുകയും മററും ചെയ്യുമ്പോൾ വസ്തു ഉടമസ്ഥന്മാരുടെ അനുവാദം വാങ്ങുകയും, അവരുടെ പരാതികൾക്കു ഒരു മറുപടിയെങ്കിലും അയയ്ക്കുകയും ചെയ്യേണ്ടതു ഗവണ്മെൻറിൻെറ ചുമതലയല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ വേലായുധൻ നായർ: അനുവാദംകൂടാതെ പ്രവേശിച്ചിട്ടുള്ളതായി പരാതികൾ കിട്ടിയിട്ടില്ല.

അലൈൻമെൻറ മിക്കവാറും പൂർത്തിയായി. കൊല്ലം-എറണാകുളം റയിൽവെയ്ക്കു ഇൻഡ്യാഗവണ്മെൻറിൽ നിന്നും ഒരുതുക ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. അതു ഇക്കൊല്ലത്തിൽ തന്നെ ചെലവുചെയ്യണമെന്നുദ്ദേശിച്ചാണു ഈ ഗവണ്മെൻറിൽനിന്നും തൽക്കാലം ഈ തുക ചെലവു ചെയ്യണമെന്നുദ്ദേശിക്കുന്നതു്. പ്രാരംഭമായി ഏർപ്പാടുകൾ ആരംഭിച്ചിട്ടുണ്ടു്?

ശ്രീ. എ. താണുപിള്ള: എടുത്തിരിക്കുന്ന സ്ഥലങ്ങളിൽ അലൈൻമെൻറ ചെയ്തതുതന്നെ എടുക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇപ്പോൾ എൻജിനിയേർസ് ലൈൻ മാർക്കുചെയ്തു മുമ്പോട്ടു കൊണ്ടുപോകുകയാണു്. മാർക്കുചെയ്ത ലൈൻ അനുസരിച്ചു് സ്ഥലങ്ങൾ എടുക്കുന്നതാണു്.

The question that a supplementary sum not exceeding Rs. 89,500 be granted under Demand XII-25 General Administration. H. H. Miscellaneous-Miscellaneous-was put and carried.

The grant was made.

## Demand XIII-27 (b) Law Officers.

*Minister for Home Affairs* (**Shri T. M. Varghese**): Sir, I move for a supplementary grant of Rs. 5,600 under Demand No. XIII-27 (b) Law Officers-Contingencies-Fees to Vakils.

*Chief Minister* (**Shri A. J. John**): I second the motion.

**Shri T. M. Varghese**: A statment has been appended to the list furnished to the Members from which the reason why this supplementary grant is asked for could be gathered. It will be seen therefrom that it is not actually a fresh amount by way of a supplementary grant that is asked for. Originally as the expenditure involved in the grant asked for now could not have been accurately estimated, or anticipated in advance a specific provision was not made. A sum of Rs. 26,600 was the expenditure involved on this account. This was met and what is asked for is to make the necessary adjustment in the accounts so as to avoid a technical flaw in accounting.

There is a sum of Rs. 21,000 found as savings in the Department which can be directed for expenses incurred for the conduct of cases in the Supreme Court. As this sum of Rs. 21,000 has been found by diversion the present demand is only for the balance, Rs. 5,600. I trust the House will sanction the grant.

LIBRARY ARCHIVES Kerala Legislative Assembly